ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ പ്രസിദ്ധീകരണം

SHARON FELLOWSHIP SUNDAY SCHOOL ASSOCIATION · SFSSA · TIRUVALLA

# ആത്മപ്രബോധിനി

2017 ഏപ്രിൽ – ജൂൺ

VOL - 5 ISSUE - 19 FOR PRIVATE CIRCULATION ONLY THIRUVALLA

# സൺഡേസ്കൂൾ നാഷണൽ ക്യാംപ് സമാപിച്ചു

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ അധ്യാപകർക്കും വിദ്യാർഥികൾക്കും സംയുക്തമായി സംഘടിപ്പിച്ച നാലാമത് നാഷണൽ ക്യാംപ് അനുഗ്രഹമായി സമാപിച്ചു. ഏപ്രിൽ 10 മുതൽ 12 വരെ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ വെച്ചാണ് ക്യാംപ് നടന്നത്. ക്രിസ്തുവിന്റെ പരിജ്ഞാനം എന്നതായിരുന്നു ചിന്താവിഷയം.

10-ാം തീയതി തിങ്കളാഴ്ച രാവിലെ മുതൽ തന്നെ കേരളത്തിന്റെ വിവിധ സ്ഥലങ്ങളിൽനിന്നും അധ്യാപകരും വിദ്യാർഥികളും പാസ്റ്റേഴ്സും എത്തിത്തുടങ്ങിയിരുന്നു. 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിച്ചു. മൂന്നു കൗണ്ടറുകൾ രജിസ്ട്രേഷനുവേണ്ടി ക്രമീകരിച്ചിരുന്നു. 460 പേരാണ് രജിസ്റ്റർ ചെയ്ത് ക്യാംപിൽ പങ്കെടുത്തത്. രാവിലെ 10 മണിക്ക് ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. പാസ്റ്റർ ഏബ്രഹാം മന്ദമരുതിയുടെ അധ്യക്ഷതയിൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി റവ. ഫിന്നി ജേക്കബ് ക്യാംപ് ഉദ്ഘാടനം ചെയ്തു. ശാരോൻ സഭയിലെ സൺഡേസ്കൂൾ പ്രവർത്തനങ്ങളുടെ മുന്നേറ്റത്തെ ആത്മാർഥമായി പ്രശംസിച്ച അദ്ദേഹം, ക്രിസ്തുവിന്റെ പരിജ്ഞാനത്തിൽ ഓരോ വിദ്യാർത്ഥിയും എത്തിച്ചേരേണ്ടതിന്റെ ആവശ്യകതയെ ഊന്നിപ്പറഞ്ഞു. ബ്രദർ റ്റി. തങ്കച്ചൻ സ്വാഗത പ്രസംഗം നടത്തി. പാസ്റ്റർ ജോർജ് മുണ്ടകൻ ആശംസ അറിയിച്ചു. ബ്രദർ റോഷി തോമസ് ക്യാംപ് ഓറിയന്റേഷന് നേതൃത്വം നൽകി.




ശാരോൻ ഫെലോഷിപ്പ് ചർച്ച് മിനിസ്റ്റേഴ്സ് കൗൺസിൽ ജനറൽ സെക്രട്ടറി റവ. ഫിന്നി ജേക്കബ് ക്യാംപ് ഉദ്ഘാടനം ചെയ്യുന്നു.

തുടർന്ന് നടന്ന സെഷനിൽ പാസ്റ്റർ എബി ഏബ്രഹാം തീം അവതരിപ്പിച്ച് സന്ദേശം നൽകി. ഉച്ചയ്ക്കുശേഷം അധ്യാപകർക്കായി പ്രത്യേകം നടന്ന സെഷനിൽ കുട്ടികളെ മനസിലാക്കുക എന്നതിനെക്കുറിച്ച് പാസ്റ്റർ അനിൽ ഇലന്തൂർ ക്ലാസുകൾ നയിച്ചു. ഇതേസമയം വിദ്യാർത്ഥികൾക്കായി നടന്ന സെമിനാറിൽ ജീവിത സമ്മർദ്ദങ്ങളെ എങ്ങനെ കൈകാര്യം ചെയ്യാം എന്നതിനെക്കുറിച്ച് പി.സി. തോമസ് ക്ലാസെടുത്തു. വൈകുന്നേരം 4.30 മുതൽ വിദ്യാർത്ഥികൾക്കായി പ്രത്യേക ഗെയിമും ക്രമീകരിച്ചിരുന്നു. വൈകുന്നേരം നടന്ന പൊതു സെമിനാറിൽ തീമിനെ ആസ്പദമാക്കി ഡോ. എബി പി. മാത്യു സന്ദേശം നൽകി. അതേ തുടർന്ന് മിഷനറിമാരുടെ ജീവചരിത്രം അടങ്ങിയ ഫിലിംഷോയും നടത്തപ്പെട്ടു.

ചൊവ്വാഴ്ച രാവിലെ നടന്ന ബൈബിൾ ക്ലാസിന് പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം നേതൃത്വം നൽകി. തുടർന്ന് അധ്യാപകർക്കായി കുട്ടികളുടെ സമഗ്ര വളർച്ച, ടീച്ചിംഗ് ടെക്നിക്ക്, ടീച്ചിംഗ് സ്കിൽസ് എന്നീ വിഷയങ്ങളെക്കുറിച്ച് യഥാക്രമം റവ. റെന്നി വെസ്ലി, റവ. കെ.എ. ഫിലിപ്പ്, ഡോ. എബി പി. മാത്യു എന്നിവർ ക്ലാസുകളെടുത്തു. ഇതേസമയം മുതിർന്ന വിദ്യാർത്ഥികൾക്കായി ലൈഫ് സ്കിൽസ്, ഗോൾ സെറ്റിങ്ങ്, ആരോഗ്യകരമായ സുഹൃത്ബ

*ശേഷം പേജ് 2 ൽ*

## വാർഷിക ജനറൽബോഡി മീറ്റിംഗ് ജൂലൈ 12 ന്

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷന്റെ വാർഷിക ജനറൽബോഡി മീറ്റിംഗ് 2017 ജൂലൈ 12 ബുധൻ രാവിലെ 11 മുതൽ തിരുവല്ല ശാരോനിൽ വെച്ചു നടക്കും.2017 -2019 വർഷത്തേക്കുള്ള ഭാരവാഹികളെയും ഈ മീറ്റിംഗിൽ തെരഞ്ഞെടുക്കും. നിലവിലുള്ള ജനറൽ കമ്മറ്റി അംഗങ്ങൾ,സൺഡേസ്കൂൾ സെക്ഷൻ (കേരളം) /സെന്റർ (ബാഹ്യ കേരളം) പ്രസിഡന്റ്, സെക്രട്ടറി, 2017 ലെ വാർഷിക പരീക്ഷയ്ക്കായി രജിസ്റ്റർ ചെയ്ത പ്രാദേശിക സഭകളിലെ ശുശ്രൂഷകന്മാർ, ഒരു അധ്യാപക പ്രതിനിധി എന്നിവർക്ക് ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുക്കാം.

### സെക്ഷൻ ഭാരവാഹികളുടെ ശ്രദ്ധയ്ക്ക്

സൺഡേസ്കൂൾ ജനറൽ ബോഡി ജൂലൈയിൽ നടക്കുന്നതിനാൽ മെയ് 31 ന് മുമ്പ് സെക്ഷൻ തലത്തിലുള്ള സൺഡേസ്കൂൾ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും അവരുടെ പേര് വിവരങ്ങൾ, ഫോൺ നമ്പർ, ഇ-മെയിൽ ഉണ്ടെങ്കിൽ അതും കേന്ദ്ര ഭാരവാഹികളെ അറിയിക്കേണ്ടതാണ്. പേജ് 8 കാണുക. **കൂടുതൽ വിവരങ്ങൾക്ക് 9447654228, 9447861098**

## അഞ്ചാമത് മെഗാ ബൈബിൾ ക്വിസ് ഒക്ടോബർ 22 ഞായറാഴ്ച

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷന്റെ ആഭിമുഖ്യത്തിൽ അധ്യാപകർക്കും വിദ്യാർഥികൾക്കുമായുള്ള അഞ്ചാമത് മെഗാ ബൈബിൾ ക്വിസ് ഒക്ടോബർ 22 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 3.30 മുതൽ ഓരോ സെക്ഷനുകളിലെയും തെരഞ്ഞെടുക്കപ്പെടുന്ന സെന്ററുകളിൽ വെച്ചു നടക്കും. നാലു ഗ്രൂപ്പുകളായി തിരിച്ചായിരിക്കും മത്സരങ്ങൾ നടക്കുന്നത്.

സൺഡേസ്കൂളിൽ 5 മുതൽ 7 വരെ ക്ലാസുകളിൽ പഠിക്കുന്നവർ എ ഗ്രൂപ്പും 8 മുതൽ 10 വരെ ക്ലാസുകാർ ബി ഗ്രൂപ്പും 11,12 ക്ലാസുകാർ സി ഗ്രൂപ്പും അധ്യാപകർ ഡി ഗ്രൂപ്പുമായിരിക്കും. ഓരോ ഗ്രൂപ്പിനും പഴയനിയമത്തിലെയും പുതിയനിയമത്തിലെയും തെരഞ്ഞെടുത്ത പുസ്തകങ്ങളിൽ നിന്നുള്ള ചോദ്യങ്ങളായിരിക്കും ഉണ്ടാകുക.

ഓരോ ഗ്രൂപ്പിനും പഠിക്കേണ്ട പുസ്തകങ്ങൾ ചുവടെ ചേർക്കുന്നു.

**ഗ്രൂപ്പ് എ :** 2 രാജാക്കന്മാർ, ഫിലിപ്പ്യ ലേഖനം

**ഗ്രൂപ്പ് ബി :** 1 ദിനവൃത്താന്തങ്ങൾ, 1 തിമൊഥെയോസ്

**ഗ്രൂപ്പ് സി :** 2 ദിനവൃത്താന്തങ്ങൾ, 2 തിമൊഥെയോസ്

**ഗ്രൂപ്പ് ഡി :** യിരമ്യാവ്, 1 യോഹന്നാൻ

**പ്രത്യേക ശ്രദ്ധയ്ക്ക്;** മെഗാ ബൈബിൾ ക്വിസ് സൺഡേസ്കൂളിലെ അടുത്ത അധ്യായന വർഷത്തിലാണ് നടക്കുന്നത് എന്നതിനാൽ 2017 ജൂൺ മുതൽ വിദ്യാർഥികൾ പഠിക്കുന്ന ക്ലാസുകൾക്കനുസരിച്ചാണ് ഗ്രൂപ്പു നിർണ്ണയിക്കേണ്ടത്. രജിസ്ട്രേഷൻ ഫോമുകൾ പിന്നാലെ വിതരണം ചെയ്യുന്നതാണ്.

## സൺഡേ സ്കൂൾ വാർഷിക പരീക്ഷ ഒരുക്കങ്ങൾ പൂർത്തിയായി

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് ചർച്ചിലെ സൺഡേസ്കൂൾ വിദ്യാർത്ഥികളുടെ 2016-17 വർഷത്തെ വാർഷിക സെക്ഷൻ പരീക്ഷ 2017 മെയ് 28 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ ലോക്കൽ സഭകളിൽ വെച്ചും സ്റ്റേറ്റു പരീക്ഷ ജൂൺ 10 ശനി രാവിലെ 10.30 മുതൽ 12.30 വരെ തെരഞ്ഞെടുത്ത സെന്ററുകളിൽ വെച്ചും നടക്കും.

കഴിഞ്ഞ വർഷത്തെപ്പോലെ ഇപ്രാവശ്യം ഇരു പരീക്ഷകൾക്കും ചോദ്യപേപ്പറിൽ തന്നെ ഉത്തരങ്ങളും എഴുതുന്നതിനുള്ള ക്രമീകരണമാണ് ചെയ്തിരിക്കുന്നത്. അതിനായി ചോദ്യങ്ങളടങ്ങിയ ബുക്കുലെറ്റായിരിക്കും നൽകുക. ഓരോ ചോദ്യങ്ങൾക്കും മതിയായ ഉത്തരമെഴുതുന്നതിനുള്ള സ്ഥലം ഇതിലുണ്ടാകും.

ചോദ്യങ്ങളുടെ രീതിക്കും ചില വ്യത്യാസങ്ങൾ കഴിഞ്ഞ വർഷം മുതൽ വരുത്തിയിട്ടുണ്ട്. ഓരോ ക്ലാസിലേയും പാഠപുസ്തകങ്ങളിലെ എല്ലാ പാഠങ്ങളും ഈ വർഷം പഠിപ്പിക്കേണ്ടതാണ്.

***മാതൃക ചോദ്യപേപ്പറിനായി പേജ് 3,4,5 പേജുകൾ കാണുക.***

### സ്ഥലമാറ്റമുള്ള ശുശ്രൂഷകന്മാരുടെ ശ്രദ്ധയ്ക്ക്

ഈ വർഷം സ്ഥലം മാറിയ സഭാ ശുശ്രൂഷകന്മാർ തങ്ങളുടെ കുട്ടികളെ പുതിയ സഭയുടെ ലിസ്റ്റിൽ ചേർക്കുന്നതിനായി താഴെ കാണുന്ന നമ്പറിൽ ബന്ധപ്പെടുക.

**9447247644 – റ്റി. തങ്കച്ചൻ, ജനറൽ സെക്രട്ടറി**

## ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ (SFSSA)

### എക്സിക്യൂട്ടീവ് കമ്മറ്റി

*രക്ഷാധികാരികൾ*
**റവ. ജോൺ തോമസ്**
**ഡോ. റ്റി.പി. ഏബ്രഹാം**
**പാസ്റ്റർ പി.എം. ജോൺ**

*ഡയറക്ടർ*
**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**

*അസോ. ഡയറക്ടർ*
**പാസ്റ്റർ ജേക്കബ് ജോർജ്ജ്**

*ജനറൽ സെക്രട്ടറി*
**ബ്രദർ റ്റി. തങ്കച്ചൻ**

*അസോ. സെക്രട്ടറി*
**കെ.ഇ. ജോർജുകുട്ടി**

*ട്രഷറാർ*
**റ്റി.ഒ. പൊടിക്കുഞ്ഞ്**

*എക്സാം കൺട്രോളർ*
**കെ. തങ്കച്ചൻ**

*ജനറൽ കോർഡിനേറ്റർ*
**പാസ്റ്റർ പി.എ. ചാക്കോച്ചൻ**

*ഏരിയാ കോ-ഓർഡിനേറ്റേഴ്സ്*
**നോർത്ത്**
**പാസ്റ്റർ എൽദോ പി. ജോസഫ്**
**സൗത്ത്**
**പാസ്റ്റർ സ്റ്റാൻലി സെബാസ്റ്റ്യൻ**
**സെൻട്രൽ**
**സുവി. എബി ജോൺ**

*അംഗങ്ങൾ*
**പാസ്റ്റർ ബിജു ജോസഫ്**
**പാസ്റ്റർ വർഗീസ് ജോഷ്വാ**
**ബ്രദർ സണ്ണി കുര്യാക്കോസ്**
**പാസ്റ്റർ ഷാജി സി.**
**പാസ്റ്റർ പി. മത്തായി**
**ബ്രദർ കോശി മാത്യു**
**ബ്രദർ എം. കുഞ്ഞച്ചൻ**
**പാസ്റ്റർ ജോയി സി. കൊച്ചാക്കൻ**
**ബ്രദർ പി.എസ്. മത്തായി**

ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ പ്രസിദ്ധീകരണം
**ആത്മപ്രബോധിനി**

**എഡിറ്റോറിയൽ ബോർഡ്**

*ചീഫ് എഡിറ്റർ*
**പാസ്റ്റർ സാം ഫിലിപ്പ്**

*അസോസിയേറ്റ് എഡിറ്റേഴ്സ്*
**പാസ്റ്റർ ബ്ലെസൺ ജോർജ്**
**പാസ്റ്റർ റെജി പി. ശമുവേൽ**

*പബ്ലിഷർ*
**പാസ്റ്റർ ബിജിലി സൈമൺ**

*അംഗങ്ങൾ*
**പാസ്റ്റർ ജോസ് ജോർജ്ജ്**
**പാസ്റ്റർ സ്റ്റാൻലി സെബാസ്റ്റ്യൻ**



ഡയറക്ടറുടെ സന്ദേശം

# കുഞ്ഞുങ്ങൾ നാളെയുടെ വാഗ്ദാനങ്ങൾ

നമ്മുടെ കുട്ടികളിലും കൗമാരക്കാരിലും വളരെ ശ്രദ്ധ കേന്ദ്രീകരിക്കേണ്ട ഒരു നിർണ്ണായക സമയമാണിത്. തിന്മയുടെ സ്വാധീനത്തിൽ ആകൃഷ്ടരായി തെറ്റിന്റെ വഴിയിലൂടെ അപഥസഞ്ചാരം നടത്തുന്ന കുട്ടികൾ ഇന്ന് ഏറെ വർദ്ധിച്ചിരിക്കുന്നു. മാതാപിതാക്കളുടെ കണക്കുകൂട്ടലുകൾക്കും സ്വപ്നങ്ങൾക്കും അപ്പുറത്തേക്ക് കൈവിട്ടുപോകുന്ന മക്കൾ ഇന്നത്തെ സമൂഹത്തിന് ഏറെ ആശങ്ക വർദ്ധിപ്പിക്കുന്നു. സമീപകാലത്തു നടന്ന വിദ്യാർത്ഥികൾക്കിടയിലെ ഞെട്ടിപ്പിക്കുന്ന ആത്മഹത്യകളും കൊലപാതകങ്ങളുമെല്ലാം ഇതിന് ഉദാഹരണങ്ങളാണ്. യുവതലമുറയെയും കുഞ്ഞുങ്ങളെയും വരുതിയിലാക്കാൻ സാത്താൻ വിവിധ പ്രലോഭനങ്ങൾ അവർക്കു മുൻപിൽ നൽകി വശീകരിക്കുന്നതിന്റെ സൂചനകളാണ് ഇതിന്റെ പിന്നിൽ നാം കാണുന്നത്. ഇവിടെ സഭ വളരെ ജാഗ്രതയുള്ളവരാകേണ്ടിയിരിക്കുന്നു. കുട്ടികളെ കർത്താവിൽ നിലനിർത്താൻ നാം പ്രതിജ്ഞാബദ്ധരാകണം.

ആധുനിക കാലത്തിന്റെ ഇത്തരം വെല്ലുവിളികൾ തിരിച്ചറിഞ്ഞ് നമ്മുടെ സൺഡേസ്കൂൾ അസോസിയേഷൻ ബഹുമുഖ പദ്ധതികൾ വിദ്യാർത്ഥികൾക്കും അധ്യാപകർക്കുമായി കഴിഞ്ഞ ചില നാളുകളായി ക്രമീകരിച്ചുവരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് നാഷണൽ ക്യാംപ്. കഴിഞ്ഞ നാലു വർഷങ്ങളായി ഏറെ വ്യത്യസ്തതയോടെ വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും സംയുക്തമായി പങ്കെടുപ്പിച്ചുകൊണ്ട് ഈ ക്യാംപ് നടത്തുവാൻ ദൈവം കൃപ ചെയ്തു. ഈ വർഷം ഏപ്രിൽ 10 മുതൽ 12 വരെ അടൂരിൽ നടന്ന ക്യാംപ് പങ്കെടുത്തവർക്ക് ഏറെ അനുഗ്രഹമായി. 460 പേർ രജിസ്റ്റർ ചെയ്ത് സംബന്ധിച്ച ഈ ക്യാംപിൽ 95 ആൺകുട്ടികളും 60 പെൺകുട്ടികളും സുവിശേഷവേലയ്ക്കായി സമർപ്പിച്ചു. കൊച്ചുകുട്ടികൾ ഉൾപ്പെടെ പലരും യേശുവിനെ രക്ഷകനായി സ്വീകരിക്കുകയും പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും ചെയ്തു എന്നത് ഏറെ സന്തോഷം നൽകുന്ന വസ്തുതയാണ്.

എന്നാൽ നിരവധി ലോക്കൽ സഭകളും സൺഡേസ്കൂൾ സെക്ഷൻ ഭാരവാഹികളും കാണിച്ച നിസ്സഹകരണവും താല്പര്യമില്ലായ്മയും ആശങ്കാജനകമാണ്. ക്യാംപിൽ പങ്കാളിത്തം വഹിച്ചതും സാമ്പത്തിക സഹായം



നൽകിയതും വളരെ കുറച്ചു സഭകൾ മാത്രമാണ്. അതുകൊണ്ടുതന്നെ, ഈ വർഷവും സാമ്പത്തികമായി ഒരു വലിയ ബാധ്യത സൺഡേസ്കൂൾ അസോസിയേഷന് ഉണ്ടായിരിക്കുന്നു. വിശദമായ വരവു ചെലവു കണക്കുകൾ ഈ ലക്കം ആത്മപ്രബോധിനിയിൽ നൽകിയിരിക്കുന്നതു ശ്രദ്ധിക്കുമല്ലോ.

2016-17 വർഷത്തെ അധ്യയനത്തിന്റെ സമാപനത്തിലേക്കു നാം വന്നെത്തിയിരിക്കുന്നു. മേയ് 28-നും ജൂൺ 10 നും നമ്മുടെ വാർഷിക പരീക്ഷകൾ നടക്കുന്നു. അതിന്റെ ഒരുക്കങ്ങളെല്ലാം മിക്കവാറും പൂർത്തിയായിക്കഴിഞ്ഞു. 2016 ൽ നടന്ന പരീക്ഷയുടെ ചോദ്യപേപ്പർ മാതൃകയായി ഈ ലക്കത്തിൽ നൽകിയിരിക്കുന്നു. അധ്യാപകർ ഇതു ശ്രദ്ധാപൂർവ്വം വായിക്കുകയും വിദ്യാർത്ഥികളെ പരീക്ഷയ്ക്കായി സജ്ജരാക്കാൻ ഉത്സാഹിക്കുകയും ചെയ്യുമല്ലോ.

ഈ വർഷത്തെ ജനറൽ ബോഡി മീറ്റിംഗും തെരഞ്ഞെടുപ്പും ജൂലൈ 12-ന് തിരുവല്ലായിൽ വെച്ചു നടക്കുന്നു. വാർഷിക റിപ്പോർട്ട്, വരവുചെലവു കണക്കുകളുടെ അവതരണം, പുതുക്കി തയ്യാറാക്കിയ ഭരണഘടന അംഗീകരിക്കൽ, 2017-19 വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് തുടങ്ങിയവയും അന്നേ ദിവസം ഉണ്ടായിരിക്കും. സൺഡേ സ്കൂൾ സെക്ഷൻ/സെന്റർ (ബാഹ്യകേരളം) ഭാരവാഹികളും രജിസ്റ്റർ ചെയ്ത സൺഡേസ്കൂളിലെ പാസ്റ്റേഴ്സും അധ്യാപകപ്രതിനിധിയും പങ്കെടുക്കാൻ ഉത്സാഹിക്കുമല്ലോ. ദർശനവും ഉത്സാഹവുമുള്ള ഭാരവാഹികൾ സൺഡേസ്കൂളിന്റെ അമരത്തു വരുവാൻ പ്രത്യേകം പ്രാർത്ഥിക്കണം.

നമ്മുടെ എല്ലാ പ്രവർത്തനങ്ങളെയും ദൈവം അനുഗ്രഹിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. നമ്മുടെ പ്രയത്നങ്ങൾ വ്യർത്ഥമല്ല എന്നറിഞ്ഞ് കർത്താവിന്റെ വേലയിൽ നമുക്ക് ഉത്സാഹത്തോടെ മുന്നേറാം. കുട്ടികളുടെയിടയിലെ അധ്വാനങ്ങളെല്ലാം നിത്യതയിൽ പ്രതിഫലങ്ങളായി തിരികെ ലഭിക്കും എന്ന ഉറപ്പ് നമുക്കുണ്ടാകട്ടെ. ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ എന്ന പ്രാർത്ഥനയോടെ.

**പാസ്റ്റർ ഏബ്രഹാം മന്ദമരുതി**

1-ാം പേജ് തുടർച്ച

സങ്ങൾ എന്നിവയെക്കുറിച്ച് സിജു തോമസ് ആലഞ്ചേരി, പ്രഫ. എയ്സ്വിൻ അഗസ്റ്റിൻ തുടങ്ങിയവർ ക്ലാസ് നയിച്ചു. വൈകിട്ടു നടന്ന പൊതുയോഗത്തിൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് വർക്കിംഗ് ജനറൽ സെക്രട്ടറി പാസ്റ്റർ കെ.ജി. മാത്യു, സെക്രട്ടറി പാസ്റ്റർ കെ.റ്റി.തോമസ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഡോ. എബി പി. മാത്യു മിഷൻ ചലഞ്ചിന് നേതൃത്വം നൽകി. 95 ആൺകുട്ടികളും 60 പെൺകുട്ടികളും കർത്താവിന്റെ വേലയ്ക്കായി ഈ മീറ്റിംഗിൽ സമർപ്പിച്ചു. തുടർന്ന് കുട്ടികളുടെയും അധ്യാപകരുടെയും താലന്തു പ്രദർശനം നടന്നു.

ബുധനാഴ്ച രാവിലെ മുതൽ പൊതു പ്രോഗ്രാമുകളായിരുന്നു. തീമിനെ ആസ്പദമാക്കി റവ. റെന്നി വെസ്ലി, ഡോ. സജി കെ. ലൂക്കോസ് എന്നിവർ സന്ദേശം നൽകി. തുടർന്ന് ക്യാംപ് വിലയിരുത്തലിന് ബ്രദർ റോഷി തോമസ് നേതൃത്വം വഹിച്ചു. ഉച്ചയ്ക്ക് 12 മണിക്ക് സമാപന സമ്മേളനം ആരംഭിച്ചു. പാസ്റ്റർ ജേക്കബ് ജോർജ് അധ്യക്ഷത വഹിച്ച മീറ്റിംഗിൽ ശാരോൻ ഫെലോഷിപ്പ് ചർച്ച് സീനിയർ ജനറൽ മിനിസ്റ്റർ ഡോ. റ്റി.ജി. കോശി, മാനേജിംഗ് കൗൺസിൽ ജനറൽ സെക്രട്ടറി പാസ്റ്റർ ഏബ്രഹാം ജോസഫ് എന്നിവർ സന്ദേശം നൽകി. ബ്രദർ കെ.ഇ. ജോർജുകുട്ടി നന്ദി പ്രകാശിപ്പിച്ചു. മിസ്സിസ് ഏലിയാമ്മ കോശി ആശംസ അറിയിച്ചു.

ക്യാംപ് ആരംഭിച്ച തിങ്കളാഴ്ച രാവിലെ 11 മുതൽ ബുധനാഴ്ച രാവിലെ 11 വരെ 13 വയസിൽ താഴെയുള്ള കുട്ടികൾക്കായി പ്രത്യേക സെക്ഷനുകളായിരുന്നു ക്രമീകരിച്ചിരുന്നത്. ട്രാൻസ്ഫോമേഴ്സ് ഇന്ത്യ ഈ ക്യാംപിന് നേതൃത്വം നൽകി. നിരവധി കുട്ടികൾ യേശുവിനെ സ്വന്ത രക്ഷകനായി സ്വീകരിക്കുകയും ചിലർ പരിശുദ്ധാത്മാഭിഷേകം പ്രാപിക്കുകയും ചെയ്തു.

പാസ്റ്റർ സ്റ്റാൻലി മാത്യു, പാസ്റ്റർ ഷിബിൻ, ബ്രദർ ജോമോൻ ഫിലിപ്പ് എന്നിവരുടെ നേതൃത്വത്തിൽ നടന്ന സംഗീത ശുശ്രൂഷ ക്യാംപിന് ഏറെ അനുഗ്രഹമായിരുന്നു. പാസ്റ്റർമാരായ പി. മത്തായി, ബ്ലസൻ ജോർജ്, പി.എ. ചാക്കോച്ചൻ, സാം കോശി, ബിജു ജോർജ്, ജോസ് ജോർജ്, എൽദോ പി. ജോസഫ്, ബിനോയ് എം., സഹോദരന്മാരായ കോശി മാത്യു, റ്റി. തങ്കച്ചൻ, കെ. തങ്കച്ചൻ, എം. കുഞ്ഞച്ചൻ, കെ.ഇ. ജോർജുകുട്ടി തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ അധ്യക്ഷത വഹിച്ചു.

പരീക്ഷയ്ക്കുവേണ്ടി വളരെ കഷ്ടപ്പെട്ടു പഠിച്ചു. ഫലം വന്നപ്പോൾ തോൽവി. ലക്ഷ്യത്തിൽ നിന്നു പിൻമാറുവാൻ മറ്റെന്തു വേണം. ഇനിയും ഞാൻ പഠിക്കുന്നില്ല. ഇങ്ങനെ നിരാശപ്പെട്ടു പിൻമാറുന്നവരുണ്ട്. ചില പരാജയങ്ങൾ ഉന്നത വിജയങ്ങളിലേക്കുള്ള ചവിട്ടുപടിയാണ്. നല്ല മനസാന്നിധ്യത്തോടു കൂടി പരാജയത്തെ നേരിട്ടു, ലക്ഷ്യം മുൻപിൽ കണ്ടുകൊണ്ട് വീണ്ടും ശ്രമിച്ചാൽ വിജയം സുനിശ്ചിതമാണ്.



# ജീവിതം വിജയപ്രദമാക്കാൻ

**സാജൻ ജോർജ്, അണക്കര**

ഇരുണ്ട ഭൂഖണ്ഡമെന്നറിയപ്പെടുന്ന ആഫ്രിക്കയിൽ സുവിശേഷത്തിന്റെ വെളിച്ചം വീശിയ ധീര മിഷനറിയാണ് ഡേവിഡ് ലിവിംഗ്സ്റ്റൺ. 1813 മാർച്ച് 19 നു സ്കോട്ട്ലാൻഡിൽ സാമ്പത്തികമായി വളരെ താഴ്ന്ന ഒരു കുടുംബത്തിലാണ് അദ്ദേഹം ജനിച്ചത്. സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ ആയിരുന്നുവെങ്കിലും ജീവിതത്തിൽ ദൈവഭക്തിയും വിനയവും കാത്തുസൂക്ഷിക്കുന്നതിൽ താൻ ഉത്സുകനായിരുന്നു. തന്റെ മാതാപിതാക്കന്മാർ ആയിരുന്നു ഈ കാര്യത്തിൽ തനിക്കു വഴികാട്ടിയായിരുന്നത്. തന്റെ സാമ്പത്തിക പരാധീനത വിദ്യാഭ്യാസം മുൻപോട്ടു കൊണ്ടുപോകുന്നതിനു കഴിയുന്നതായിരുന്നില്ല. അതുകൊണ്ട് വെറും പത്ത് വയസ് ഉള്ളപ്പോൾ തന്നെ ഒരു തുണിമില്ലിൽ അദ്ദേഹത്തിനു ജോലിക്കു പോകേണ്ടതായി വന്നു. ജോലിക്കിടയിൽ തന്നെ അദ്ദേഹം ലാറ്റിൻ ഭാഷ പഠിച്ചു. ജോലിക്കുശേഷം സായാഹ്ന ക്ലാസുകളിൽ പോയി ഗ്രീക്കു ഭാഷയിലും പ്രാവീണ്യം നേടി. അതിനുശേഷം ഗ്ലാസ്കോ യൂണിവേഴ്സിറ്റിയിൽ നിന്നും വൈദ്യശാസ്ത്രത്തിൽ ബിരുദം സമ്പാദിച്ച ലിവിംഗ്സ്റ്റൺ സാമ്പത്തികമായി യാതൊരു സഹായവും എങ്ങുനിന്നും ലഭിച്ചിരുന്നില്ല. തന്റെ കഠിന പ്രയത്നം കൊണ്ടു മാത്രമാണ് ഉയർച്ചയുടെ പടവുകൾ കയറുവാൻ അദ്ദേഹത്തിനു സാധിച്ചത്.

വളരെ ചെറുപ്പത്തിൽ തന്നെ ലിവിംഗ്സ്റ്റണു ലഭിച്ച ശിക്ഷണമാണ്, ഇന്നും ജനഹൃദയങ്ങളിൽ സ്ഥാനം കണ്ടെത്തുവാൻ അദ്ദേഹത്തിനു കഴിയുന്നത്. പ്രതികൂല സാഹചര്യങ്ങളോട് പൊരുതി മുൻപോട്ടുപോകുന്നതിനുള്ള ഉറച്ച മനസ്സ് അദ്ദേഹത്തിനുണ്ടായിരുന്നു. ദൈവം നമുക്ക് നൽകിയിരിക്കുന്ന ബാല്യകാലം ക്രിയാത്മകമായ രീതിയിൽ ചിലവഴിക്കുന്നതിനും, ഭാവി വിജയത്തിനു വേണ്ടിയുള്ള ഒരു ചവിട്ടുപടിയായും നാം ഉപയോഗിക്കേണ്ടതാണ്. ദൈവവചനം പറയുന്നു: ബാല്യത്തിലെ ക്രിയകളാൽ തന്നെ ഒരുത്തന്റെ പ്രവൃത്തി വെടിപ്പും നേരുള്ളതാകുമോ എന്നറിയാം' (സദൃശ. 20:11). നമുക്ക് ലഭിക്കുന്ന സമയത്തേയും, അവസരങ്ങളെയും ശരിയായ രീതിയിൽ വിനിയോഗിക്കുവാൻ കഴിയാത്തതുകൊണ്ട് നമ്മുടെ ഭാവിയെ നാം അലക്ഷ്യമാക്കി കളയുകയാണ്. ജീവിതത്തിൽ ഉയർച്ച നേടുന്നതിനു സഹായകമാകുന്ന ചില ഘടകങ്ങളെക്കുറിച്ച് നമുക്ക് ചിന്തിക്കാം.

## 1) ലക്ഷ്യബോധം

ചെറുപ്പത്തിൽ തന്നെ ഒരു വ്യക്തിയിൽ ഉരുത്തിരിയേണ്ട പ്രധാനപ്പെട്ട കാര്യമാണ് ലക്ഷ്യബോധം. ഒരു വിത്തിനു വലിയ മരമാകുന്നതിനുള്ള കഴിവുണ്ട്. എന്നാൽ ആ വിത്ത് വിതയ്ക്കപ്പെടണം. വെള്ളവും, വളവും കൊടുക്കണം, വളരുന്നതിനുള്ള എല്ലാ സാഹചര്യവും ലഭ്യമാകണം. പലരോടും നിങ്ങൾക്ക് ആരായിത്തീരുവാനാണ് ആഗ്രഹം എന്നു ചോദിച്ചാൽ ഓ, അങ്ങനെയൊന്നുമില്ല അതു സാഹചര്യം പോലെയങ്ങുപോകും എന്നൊക്കെ പറയുന്നത് കേട്ടിട്ടുണ്ട്. ഇന്നതാകണം എന്ന ലക്ഷ്യത്തോടുകൂടി മുൻപോട്ടു നീങ്ങിയാൽ മാത്രമേ ഒരു ലക്ഷ്യത്തോടെ പ്രവർത്തിക്കുവാൻ കഴിയുകയുള്ളു. ജീവിതത്തെക്കുറിച്ച് തന്നെ ഒരു ലക്ഷ്യം ഉണ്ടായിരിക്കണം. ജീവിതവിജയത്തിനു ലക്ഷ്യബോധം ഒരു വ്യക്തിയുടെ ജീവിതത്തിൽ അത്യന്താപേക്ഷിതമാണ്.

## 2) വിജയിക്കുന്നതിനുള്ള മനസ്സ്

ലക്ഷ്യബോധവും വിജയതൃഷ്ണയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. ദീർഘവീക്ഷണത്തോടുകൂടി പ്രവർത്തിക്കുന്ന ഒരു വ്യക്തിക്കു മാത്രമേ യഥാർത്ഥ വിജയം കൈവരിക്കുന്നതിനു കഴിയുകയുള്ളൂ. പഠിക്കുമ്പോഴും, പരീക്ഷ എഴുതുമ്പോഴുമൊക്കെ എനിക്കു ഉന്നതവിജയം നേടണം എന്ന ആഗ്രഹം ഉണ്ടാകണം. ചെറുപ്പത്തിലേ നന്നായി പഠിച്ചിരുന്നുവെങ്കിൽ ഇന്നു നല്ല നിലയിൽ എത്താമായിരുന്നു എന്നു പരിതപിക്കുന്ന മുതിർന്ന ആൾക്കാരെ നമുക്ക് ധാരാളം കാണുവാൻ കഴിയും. ഒരുപക്ഷേ അവരുടെ സാഹചര്യങ്ങൾ ഉന്നത വിജയം നേടുന്നതിനു പ്രതികൂലമായിരുന്നിരിക്കാം. അല്ലെങ്കിൽ ലഭിച്ച സാഹചര്യം കാര്യക്ഷമമായി ഉപയോഗിക്കുവാൻ കഴിഞ്ഞില്ലായിരിക്കാം. പഴമൊഴി പറയുന്നതുപോലെ 'ദാഹിക്കുന്നതിനു മുൻപേ കിണർ കുഴിക്കണം', ദാഹിച്ചതിനുശേഷമല്ല വേണ്ടത്. വിജയിക്കുന്നതിനുള്ള ആഗ്രഹം ഉണ്ടെങ്കിൽ മാത്രമേ, കഠിനാദ്ധ്വാനം ചെയ്യുന്നതിനുള്ള മനസ്സ് ഉണ്ടാകുകയുള്ളു. ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം വേണം എന്ന ലക്ഷ്യബോധത്തോടുകൂടി മഹാത്മാഗാന്ധിയും മറ്റ് രാഷ്ട്രീയ നേതാക്കളും പ്രവർത്തിച്ചതുകൊണ്ടാണ് 1947 ഓഗസ്റ്റ് 15–ാം തീയതി ഭാരതം സ്വതന്ത്രമായത്. ശാരീരിക, മാനസിക പീഡനങ്ങളിലൂടെ അവരുടെ വിജയതൃഷ്ണയെ മുരടിപ്പിക്കുവാൻ ബ്രിട്ടീഷുകാർക്ക് കഴിഞ്ഞില്ല. വിജയം വരെയും അവർ പോരാടി. ക്രിസ്തുവിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച ധീരമിഷനറിമാർ, ചക്രവർത്തിമാർ വെച്ചുനീട്ടിയ താല്ക്കാലിക വിജയത്തിനുവേണ്ടിയല്ല നിലനിന്നത്. പ്രത്യുത നിത്യതയുടെ നിത്യതുറമുഖത്ത് എത്തുന്നതിനുവേണ്ടി തങ്ങളെ ഏൽപ്പിച്ചുകൊടുത്തു. അങ്ങനെ അന്തിമ വിജയം അവർക്കു തന്നെയായി.

അലസതയോടുകൂടി ഒരു കാര്യത്തെ സമീപിക്കാതെ, വിജയതൃഷ്ണയോടുകൂടി സമീപിക്കൂ. വിജയം നിങ്ങളുടെ കൈപിടിയിലാണ്.

## 3) മനസാന്നിധ്യം

ഒരു വ്യക്തിയുടെ ജീവിതത്തിൽ കയറ്റ ഇറക്കങ്ങൾ സാധാരണയാണ്. പരീക്ഷയ്ക്കുവേണ്ടി വളരെ കഷ്ടപ്പെട്ടു പഠിച്ചു. ഫലം വന്നപ്പോൾ തോൽവി. ലക്ഷ്യത്തിൽനിന്നു പിൻമാറുവാൻ മറ്റെന്തുവേണം. ഇനിയും ഞാൻ പഠിക്കുന്നില്ല. ഇങ്ങനെ നിരാശപ്പെട്ടു പിൻമാറുന്നവരുണ്ട്. ചില പരാജയങ്ങൾ ഉന്നത വിജയങ്ങളിലേക്കുള്ള ചവിട്ടുപടിയാണ്. നല്ല മനസാന്നിധ്യത്തോടുകൂടി പരാജയത്തെ നേരിട്ടു, ലക്ഷ്യം മുൻപിൽ കണ്ടുകൊണ്ട് വീണ്ടും ശ്രമിച്ചാൽ വിജയം സുനിശ്ചിതമാണ്. കലപ്പയ്ക്ക് കൈവച്ചശേഷം ആരും തിരിഞ്ഞു നോക്കരുത് (ലൂക്കോ. 9:52) എന്ന് ദൈവവചനം പറയുന്നു. ഒരു ലക്ഷ്യത്തിനുവേണ്ടി ഇറങ്ങിതിരിച്ചാൽ, ലക്ഷ്യസാധൂകരണത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ തയ്യാറാകണം.

## 4) അറിവ് നേടുന്നതിനുള്ള വിശാല മനസ്സ്

Life itself is the most effeive class room for learning. അറിവ് നേടുന്നതിനുള്ള ഏറ്റവും ഫലവത്തായ പഠനമുറി ജീവിതം തന്നെയാണ്. മരണം വരെയും ഒരു വ്യക്തി പഠിച്ചുകൊണ്ടിരിക്കുകയാണ്. അറിവ് നേടുന്നതിനുള്ള മാധ്യമങ്ങൾ ഫലവത്തായി ഉപയോഗിക്കുക. അറിയാൻ കഴിയാത്ത കാര്യങ്ങൾ മുതിർന്നവരോടു ചോദിച്ചു മനസ്സിലാക്കുക. ഞാൻ ചോദിച്ചാൽ എന്നെക്കുറിച്ച് എന്തു ചിന്തിക്കും എന്ന അപകർഷതാബോധം വെടിയുക. അറിവ് നേടുന്നതിനുതകുന്ന പുസ്തകങ്ങൾ വായിക്കുക. ദൈവവചനം ക്രമമായി വായിച്ചുപഠിക്കുക. വ്യക്തിത്വവികസനത്തിനു പ്രയോജനപ്പെടുന്ന ചാനലുകൾ മാത്രം കാണുക. ക്ലാസിൽ പഠിപ്പിക്കുന്ന കാര്യങ്ങൾ ശരിയായി നിരീക്ഷിക്കുകയും അവ വ്യക്തമായി പഠിക്കുകയും ചെയ്യുക.

## 5) ചിട്ടയായ ആത്മിക ജീവിതം

നാം രൂപപ്പെടുത്തിയെടുക്കുന്ന ആത്മീക ജീവിതമാണ് നമ്മുടെ ജീവിതത്തിന്റെ ആത്യന്തികമായ വിജയം. ദാനിയേലിന്റെ പ്രാർത്ഥനാജീവിതം തന്റെ പ്രതിന്ധികളിൽനിന്ന് കരകയറുന്നതിന് മാത്രമല്ല, ശത്രുക്കളുടെ മുൻപാകെ മാനിക്കുന്നതിനും കാരണമായി. യോസഫ് തന്റെ സഹോദരന്മാരാൽ നിന്ദിക്കപ്പെട്ടുവെങ്കിലും, തന്റെ ദൈവവുമായുള്ള ബന്ധം തന്നെ രാജ്യത്തിന്റെ ഉന്നത ശ്രേണിയിലെത്തിച്ചു. ചെറുപ്രായത്തിൽ തന്നെ പ്രാർത്ഥനാജീവിതം വളർത്തിയെടുക്കുക. ദൈവവചന ധ്യാനത്തിനും, പ്രാർത്ഥനയ്ക്കും ദിവസവും പ്രത്യേക സമയം കണ്ടെത്തുക. സഭയിലെ ആത്മീക കൂട്ടായ്മകളിൽ സജീവമായി പങ്കെടുക്കുക. സഭ നടത്തുന്ന സുവിശേഷപ്രവർത്തനങ്ങളിൽ പങ്കാളികളാകുക. മാതാപിതാക്കൻമാരെയും, ഗുരുക്കന്മാരെയും, തന്നെക്കാൾ മുതിർന്നവരെയും അനുസരിക്കുകയും, ബഹുമാനിക്കുകയും ചെയ്യുക. സഹപാഠികളോടും, സ്നേഹിതരോടും യേശുവിനെക്കുറിച്ചു പറയുകയും, അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുക. അങ്ങനെ വിജയകരമായ ജീവിതത്തിന് അടിസ്ഥാനമിടുവാൻ ദൈവം ദാനമായി നൽകിയ ബാല്യകാലത്തെ ഉപയോഗപ്പെടുത്തുവാൻ എല്ലാ കൂട്ടുകാരെയും വലിയവനായ ദൈവം സഹായിക്കട്ടെ.

## പ്രത്യേക ശ്രദ്ധയ്ക്ക്

സൺഡേസ്കൂൾ സെക്ഷൻ പരീക്ഷാദിനമായ മെയ് 28 ന് പ്ലസ് ടു വിദ്യാർത്ഥികളായ ചിലർക്ക് എൻട്രൻസ് പരീക്ഷ നടക്കുന്നതായി അറിയുന്നു. ഇപ്രകാരം പരീക്ഷയ്ക്ക് തയ്യാറാകുന്നവർ താഴെ കാണുന്ന നമ്പറിൽ ഉടൻ ബന്ധപ്പെടുക.

**റ്റി. തങ്കച്ചൻ, ജനറൽ സെക്രട്ടറി, 9447247644**

## ഭാരവാഹികൾ

**മുംബൈ:** ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ മഹാരാഷ്ട്ര ഗോവ സെന്റർ ഭാരവാഹികളായി പാസ്റ്റർമാരായ അലക്സാണ്ടർ കോശി (പ്രസിഡന്റ്), റെജി മാത്യു (വൈസ് പ്രസിഡന്റ്), ബ്രദേഴ്സ് റോബർട്ട് വിൻസ്ലി (സെക്രട്ടറി), ഫിലിപ്പ് വർഗീസ് (ട്രഷറാർ), ഷിജു മത്തായി, ഷിബിൻ വർഗീസ്, ഐസക് പി. മാത്യു (മെമ്പേഴ്സ്) എന്നിവരെ തെരഞ്ഞെടുത്തു.

# SHARON FELLOWSHIP SUNDAY SCHOOL ASSOCIATION, THIRUVALLA

## MODEL QUESTIONS

**Marks: 50** **Time: 2 Hrs**

## CLASS - PRESCHOOL

***I. ഉത്തരം പറയുക*** ***(10x2=20)***

1. മനുഷ്യനോട് തിന്നരുതെന്ന് കല്പിച്ചതെന്താണ്?
2. പീലി വിടർത്തി നിൽക്കുന്ന പക്ഷി ഏത്?
3. വെള്ളത്തെ ഒരുമിച്ച് കൂട്ടിയിട്ട് ദൈവം കൊടുത്ത പേര്?
4. ഭൂമിയിൽ എന്തായിരുന്നു നിറഞ്ഞിരുന്നത്?
5. പകലിനായി ദൈവം സൃഷ്ടിച്ച വെളിച്ചം ഏതാണ്?
6. ചന്നംപിന്നം മഴ പെയ്യുന്ന കാലം ഏത്?
7. ഭൂമിയിലുള്ള ഏറ്റവും വലിയ ജീവി?
8. ആദിയിൽ ദൈവം എന്താണ് സൃഷ്ടിച്ചത്?
9. ആദ്യവും അവസാനവും ഇല്ലാത്തത് ആർക്ക്?
10. മനുഷ്യർ ജീവിക്കുകയും സഞ്ചരിക്കുകയും ചെയ്യുന്നത് എവിടെ?

***II. ഈ വർഷം സൺഡേസ്കൂളിൽ പഠിച്ച ഒരു പാട്ട് പാടുക*** ***(10x1=10)***

***III. ഏതെങ്കിലും 3 വാക്യങ്ങൾ കാണാതെ പറയുക (റഫറൻസ് ആവശ്യമില്ല)*** ***(5x3=15)***

***IV. ഈ വർഷം സൺഡേസ്കൂളിൽ പഠിച്ച ഒരു കഥ പറയുക*** ***(5x1=5)***

## CLASS - 1

***I. ഉത്തരം പറയുക*** ***(15x1=15)***

1. യേശു ജനിച്ച സ്ഥലം? (ബേത്‌ലഹേം)
2. പൊട്ടക്കിണറിൽ നിന്നും പ്രധാനമന്ത്രി പദത്തിലേക്ക് എത്തിയ വ്യക്തി? (യോസേഫ്)
3. ദൈവം മനുഷ്യനെ ഉണ്ടാക്കിയത് എത്രാം ദിവസം? (6)
4. ശമുവേൽ പ്രവാചകന്റെ അമ്മയുടെ പേര്? (ഹന്ന)
5. യിസഹാക്ക് ജനിക്കുമ്പോൾ അബ്രഹാമിന് എത്ര വയസ്സുണ്ടായിരുന്നു? (100)
6. ബാബേലിലെ രാജാവ് ആരായിരുന്നു? (നെബുഖദ്നേസർ)
7. ആരുടെ നേതൃത്വത്തിലാണ് ഭൂമിയിൽ ആദ്യത്തെ രാജ്യം സ്ഥാപിച്ചത്? (നിമ്രോദ്)
8. വെള്ളപ്പൊക്കത്തിൽ നിന്നും പെട്ടകത്തിലൂടെ രക്ഷപെട്ടത് ആരുടെ കുടുംബമാണ്? (നോഹ)
9. ബെഥേസ്ദാ കുളക്കരയിൽ എത്ര വർഷമായി ദീനം പിടിച്ചു കിടന്നയാളെയാണ് യേശു സൗഖ്യമാക്കിയത്? (38)
10. ജ്യേഷ്ഠാവകാശം വിറ്റ വ്യക്തി? (ഏശാവ്)
11. യേശു ആരുടെ പടകിലാണ് കയറിയത്? (പത്രോസ്/ശിമോൻ)
12. ലോകത്തിൽ ഏറ്റവും കൂടുതൽ വർഷം ജീവിച്ചിരുന്ന വ്യക്തി? (മെഥൂശലേഹ്)
13. ഏതു മരം കൊണ്ടാണ് നോഹ പെട്ടകം നിർമ്മിച്ചത്? (ഗോഫർ)
14. യാക്കോബിനു ദൈവം ഇട്ട പുതിയ പേര് എന്തായിരുന്നു? (യിസ്രായേൽ)
15. യേശുവിന് എത്ര ശിഷ്യന്മാർ ഉണ്ടായിരുന്നു? (12)

***II. ഉത്തരം ചുരുക്കി പറയുക*** ***(5x3=15)***

16. യോസേഫ് കണ്ട സ്വപ്നങ്ങൾ എന്തായിരുന്നു? (പേജ് 42)
17. നല്ല ശമര്യാക്കാരന്റെ കഥ. (പേജ് 137)
18. തീച്ചൂളയിൽ എറിയപ്പെട്ട ബാലന്മാർ പുറത്തു വന്നതെങ്ങനെ? (പേജ് 65)
19. യേശുവിന്റെ ജനനം. (പേജ് 73)
20. ലാസറിനെ യേശു ഉയിർപ്പിച്ചതെങ്ങനെ? (പേജ് 121)

***III. ഈ വർഷം പഠിച്ച 5 വാക്യങ്ങൾ പറയുക*** ***(5x2=10)***

***IV. ഈ വർഷം പഠിച്ച ഒരു കഥ പറയുക*** ***(1x10=10)***

## CLASS - 2

***I. ഉത്തരം പറയുക*** ***(15x1=15)***

1. മിസ്രയീമിലുണ്ടായ മൂന്നാമത്തെ ബാധ ഏതായിരുന്നു? (പേൻ)
2. യിസ്രായേൽ മക്കൾക്ക് ഭക്ഷിപ്പാൻ ലഭിച്ച പക്ഷി ഏതായിരുന്നു? (കാട)
3. മോശയുടെ ഭാര്യയുടെ പേരെന്ത്? (സിപ്പോറ)
4. യേശുവിന്റെ ശരീരം സ്വന്തം കല്ലറയിൽ വെച്ച വ്യക്തി ആര്? (യോസേഫ്)
5. സക്കായി ഏതു ദേശക്കാരനായിരുന്നു? (യെരിഹോ)
6. യേശുവിനെ ക്രൂശിക്കാൻ ഉത്തരവിട്ട നാടുവാഴി ആര്? (പീലാത്തോസ്)
7. യോഹന്നാൻ എത്ര വയസ്സു വരെയാണ് മരുഭൂമിയിൽ ജീവിച്ചത്? (30)
8. ദാനിയേലിനെ സിംഹക്കൂട്ടിൽ ഇട്ട രാജാവ്? (ദാര്യാവേശ്)
9. ഏലീശാ പ്രവാചകൻ ആരുടെ ശിഷ്യനായിരുന്നു? (ഏലിയാവ്)
10. യിസ്രായേലിന്റെ മൂന്നാമത്തെ രാജാവ് ആരായിരുന്നു? (ശലോമോൻ)
11. ഏലിയാവിന് അപ്പം നൽകിയ വിധവ എവിടെയാണ് താമസിച്ചിരുന്നത്? (സാരാഫാത്ത്)
12. എത്ര വയസ്സുള്ളപ്പോഴാണ് യേശു ദൈവാലയത്തിൽ പെരുന്നാളിന് പോയത്? (12)
13. താലന്തുകളുടെ കഥ ആരാണ് പറഞ്ഞത്? (യേശു)
14. മോശയുടെ സഹോദരിയുടെ പേരെന്ത്? (മിര്യാം)
15. മാറാ എന്ന വാക്കിന്റെ അർത്ഥം? (കൈപ്പ്)

***II. ഉത്തരം ചുരുക്കി പറയുക*** ***(5x3=15)***

16. ക്ഷാമത്തിൽ ഏലിയാവിനെ ദൈവം പോറ്റിയതെങ്ങനെ? (പേജ് 55)
17. യിസ്രയേൽ മക്കൾ ചെങ്കടലിൽ കൂടി യാത്ര ചെയ്ത സംഭവം വിവരിക്കുക? (പേജ് 35)
18. യേശു ഉയിർത്തെഴുന്നേറ്റ സംഭവം വിവരിക്കുക. (പേജ് 144)
19. യിസ്രായേൽ മക്കൾക്ക് ഭക്ഷിക്കാൻ മന്ന ലഭിച്ചതെങ്ങനെ? (പേജ് 40)
20. നയമാന്റെ കുഷ്ഠം സൗഖ്യമായതെങ്ങനെ? (പേജ് 80)

***III. ഈ വർഷം പഠിച്ച 5 വാക്യങ്ങൾ പറയുക*** ***(5x2=10)***

***IV. ഈ വർഷം പഠിച്ച ഒരു കഥ പറയുക*** ***(1x10=10)***

## CLASS - 3

***I. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക*** ***(5x1=5)***

1. ശപഥാർപ്പിതം മോഷ്ടിച്ചതാര്? (ശിംശോൻ, ആഖാൻ, യോന)
2. യേശു ഏറ്റവും സ്നേഹിച്ച ശിഷ്യൻ ആരായിരുന്നു? (പത്രോസ്, യാക്കോബ്, യോഹന്നാൻ)
3. യിസ്രായേലിനെ ഭരിച്ച സ്ത്രീ ന്യായാധിപ? (ദെബോര, രൂത്ത്, യായേൽ)
4. യേശുവും മാതാപിതാക്കളും ദൈവാലയത്തിലേക്ക് പോയത് ഏത് ഉത്സവത്തിനായിട്ടാണ്? (കൂടാരപ്പെരുന്നാൾ, പെസഹാപ്പെരുന്നാൾ, അപ്പത്തിന്റെ പെരുന്നാൾ)
5. ആഖാന്റെ ഗോത്രം ഏതായിരുന്നു? (യഹൂദാ, മനശ്ശെ, ദാൻ)

***II. ഒറ്റവാക്കിൽ ഉത്തരമെഴുതുക?*** ***(5x1=5)***

6. യിസ്രായേൽ മക്കൾ 12 കല്ലുകൾ നാട്ടിയ സ്ഥലം?
7. പത്രോസിനെ യേശുവിന്റെ അടുക്കൽ കൊണ്ടു വന്ന ശിഷ്യൻ?
8. ജനസംഖ്യാ കണക്കെടുപ്പിൽ പേരു ചേർക്കാൻ കല്പന പുറപ്പെടുവിച്ചത് ആര്?
9. ബോവസിന്റെ ഭാര്യയുടെ പേര്?
10. യേശു സ്ഥിരമായി പ്രാർത്ഥിക്കുവാൻ പോകാറുണ്ടായിരുന്ന തോട്ടം?

***III. ശരിയോ (✓) തെറ്റോ (x) എന്ന് അടയാളപ്പെടുത്തുക*** ***(5x1=5)***

11. കൊയ്ത്തുകാലത്ത് കരകവിഞ്ഞ് ഒഴുകിയിരുന്ന നദിയായിരുന്നു യോർദ്ദാൻ
12. യേശു യോഹന്നാൻ എന്നു പേരുള്ള ആളുടെ വഞ്ചിയിൽ കയറി
13. ദൈവത്തിന്റെ ആത്മാവ് വന്നപ്പോൾ ഗിദെയോൻ ഒരു സിംഹത്തെ കീറിക്കളഞ്ഞു
14. യോഹന്നാൻ സ്നാപകൻ വെട്ടുക്കിളിയും കാട്ടുതേനും ഭക്ഷിച്ചു
15. രൂത്ത് നവോമിയുടെ മരുമകളായിരുന്നു

***IV. ചേരുംപടി ചേർക്കുക (ശരി ഉത്തരങ്ങൾ വലതു വശത്തെ നമ്പരിനു നേരെ എഴുതുക)*** ***(5x1=5)***

16. യോശുവ – പ്രാവ്
17. ഇമ്മാനുവേൽ – സമർപ്പിക്കപ്പെട്ടവൻ
18. ഈഖാബോദ് – യഹോവ രക്ഷകൻ
19. നാസീർ – ദൈവം നമ്മോടു കൂടെ
20. യോനാ – മഹത്വം യിസ്രായേലിൽ നിന്നും പൊയ്പ്പോയി

***V. മനഃപാഠം എഴുതുക*** ***(6x2=12)***

21. ലൂക്കോസ് 1:80 പൈതൽ ............................................. ആയിരുന്നു.
22. സങ്കീർത്തനം 119:30 വിശ്വസ്തതയുടെ .................... വെച്ചി രിക്കുന്നു.
23. മത്തായി 4:19 എന്റെ പിന്നാലെ ................................. പറഞ്ഞു.
24. സംഖ്യ. 14:24 എന്റെ ദാസനായ .............................. കൈവശമാക്കും.
25. മത്തായി. 11:11 സ്ത്രീകളിൽ നിന്ന് .................................... പറയുന്നു.
26. ആവ. 6:5 നിന്റെ ദൈവമായ .................................. സ്നേഹിക്കേണം.

***VI. താഴെ കാണുന്ന ചിത്രത്തിന് നിറം കൊടുക്കുക*** ***(1x4=4)***

***VII. താഴെ കൊടുത്തിരിക്കുന്ന പാഠങ്ങളുടെ സന്ദേശം ഉൾക്കൊള്ളുന്ന പ്രായോഗികം എഴുതുക*** ***(2x2=4)***

28. ബാലനായ യേശു ദൈവാലയത്തിൽ .................................
29. ഗിദയോൻ .......................................

***VIII. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (ഉത്തരമെഴുതുന്ന ചോദ്യനമ്പർ (✓) ചെയ്യേണ്ടതാണ്) (2x5=10)***

30. യേശുവിന്റെ ശിഷ്യന്മാർ ആരെല്ലാം? അവരെ തിരഞ്ഞെടുത്തതെങ്ങനെ?അല്ലെങ്കിൽ
31. ഗിബെയോന്യർ യിസ്രായേലിനെ ഉപായത്താൽ കുടുക്കിയതെങ്ങനെ? അതിന് അവർക്കു ലഭിച്ച ശിക്ഷ എന്തായിരുന്നു?
32. ആഖാൻ ചെയ്ത തെറ്റും അതിനു ലഭിച്ച ശിക്ഷയും വിശദീകരിക്കുക.അല്ലെങ്കിൽ
33. യോഹന്നാൻ സ്നാപകൻ ആരായിരുന്നു? അദ്ദേഹത്തിന്റെ സ്വഭാവസവിശേഷതകൾ എന്തെല്ലാമായിരുന്നു?

## CLASS - 4

**I. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (5x1=5)**

1. ലൂസിഫറിന്റെ പാപം എന്തായിരുന്നു? (കോപം, അഹങ്കാരം, പക)
2. ഏത് ദേശത്താണ് ജനങ്ങൾ ഗോപുരം പണിതത്? (ശിനാർ, ഊർ, അരാരാത്ത്)
3. എത്ര വർഷത്തിനു ശേഷമാണ് ഏശാവും യാക്കോബും കൂടിക്കാണുന്നത്? (20, 25, 32)
4. സ്നേഹിതൻ അർദ്ധരാത്രിയിൽ എത്ര അപ്പം ആണ് ആവശ്യപ്പെട്ടത്? (മൂന്ന്, അഞ്ച്, പന്ത്രണ്ട്)
5. ഏത് സ്ഥലത്താണ് ഫിലിപ്പൊസിന്റെ പ്രവർത്തനത്തിലൂടെ ധാരാളമാളുകൾ യേശുവിനെ സ്വീകരിച്ചത്? (യരുശലേം, യഹൂദ്യ, ശമര്യ)

**II. ഒറ്റ വാക്കിൽ ഉത്തരമെഴുതുക** **(5x1=5)**

6. നോഹയുടെ പിതാവിന്റെ പേര് എന്ത്?
7. ലോത്ത് താമസിച്ച സ്ഥലം ഏതായിരുന്നു?
8. എത്ര മക്കളാണ് യാക്കോബിന് ഉണ്ടായിരുന്നത്?
9. ഏത് സ്ഥലത്തേക്കാണ് ഫിലിപ്പോസിനെ ദൈവത്തിന്റെ ആത്മാവ് കൊണ്ടുപോയത്?
10. സ്തേഫാനോസിനെ എങ്ങനെയാണ് കൊന്നുകളഞ്ഞത്?

**III. ശരിയോ (✓) തെറ്റോ (x) എന്ന് അടയാളപ്പെടുത്തുക** **(5x1=5)**

11. നോഹ പണിത പെട്ടകത്തിന് മൂന്ന് നിലകളും ഒരു വാതിലും ഉണ്ടായിരുന്നു
12. വിധവ ന്യായാധിപന് കൈക്കൂലി കൊടുത്തതു കൊണ്ടാണ് അയാൾ അവളെ ശത്രുവിന്റെ കയ്യിൽ നിന്നും രക്ഷിച്ചത്.
13. യോസഫിന്റെ സഹോദരൻമാരെല്ലാവരും ആട്ടിടയൻമാരായിരുന്നു
14. ശമര്യ എന്ന സ്ഥലത്താണ് ആദ്യമായി ദൈവത്തിന്റെ സഭ ആരംഭിക്കുന്നത്
15. യേശു ഒരിക്കൽ പാപിയായ സ്ത്രീയുടെ വീട്ടിൽ ക്ഷണിക്കപ്പെട്ട അതിഥിയായി ചെന്നു.

**IV. ചേരുപടി ചേർക്കുക (ശരി ഉത്തരങ്ങൾ വലതു വശത്തെ നമ്പരിനു നേരെ എഴുതുക)** **(5x1=5)**

16 ആറാം ദിവസം – എട്ടു പേർ
17 പെട്ടകം – ചുവന്നവൻ
18 ഊർ – ഉപായി
19 യാക്കോബ് – മനുഷ്യൻ
20 ആദാം – അബ്രഹാം

**V. മനപാഠം എഴുതുക** **(6x2=12)**

21. യാക്കോബ് 4:7 "ആകയാൽ ...................................... ഓടിപോകും."
22. ഗലാത്യർ 3:6 അബ്രഹാം ..........................................കണക്കിട്ടു".
23. സദൃശ്യ 28:13 "തന്റെ ലംഘനങ്ങളെ ...........കരുണ ലഭിക്കും."
24. എഫെസ്യർ 6:1 മക്കളെ നിങ്ങളുടെ .......................ന്യായമല്ലോ.
25. സങ്കീർത്തനം 85:11 "വിശ്വസ്തത ..........................നോക്കുന്നു."
26. അപ്പോ. പ്രവൃ. 8:12 "എന്നാൽ ..........................സ്നാനമേറ്റു."

27. **VI. താഴെ കാണുന്ന ചിത്രത്തിന് നിറം കൊടുക്കുക (1x4=4)**

VII. **താഴെ പറയുന്ന പാഠങ്ങളുടെ സന്ദേശം ഉൾക്കൊള്ളുന്ന പ്രായോഗികം എഴുതുക (2x2=4)**

28. രണ്ട് വീടുകൾ
29 യാക്കോബിന്റെയും യോസഫിന്റെയും മരണം

**VII. ഒരു പേജിൽ കുറയാതെ ഉത്തരം എഴുതുക (ഉത്തരം എഴുതുന്ന ചോദ്യത്തിന്റെ നമ്പർ ടിക് (✓) ചെയ്യുക) (2x5=10)**

30 അബ്രഹാമിന് ദൈവം നൽകിയ അനുഗ്രഹങ്ങൾ എന്തൊക്കെയാണ്? അല്ലെങ്കിൽ
31 പൊത്തിഫറിന്റെ വീട്ടിൽ യോസഫ് ഉയർത്തപ്പെടാനുള്ള കാരണം എന്തായിരുന്നു?
32 പരീശന്റെയും ചുങ്കക്കാരന്റെയും ഉപമ എന്താണ് പഠിപ്പിക്കുന്നത്? അല്ലെങ്കിൽ
33. എത്യോപ്യ മന്ത്രിയുടെ മാനസാന്തരം വിശദമാക്കുക

## CLASS - 5

***I. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (5x1=5)***

1. യാക്കോബിന്റെ ആൺമക്കളുടെ എണ്ണം (12, 13, 10)
2. ഗോല്യാത്ത് യിസ്രായേൽ മക്കളെ എത്ര ദിവസം വെല്ലുവിളിച്ചു? (35, 40, 45)
3. അമാലേക്കിനെ പിന്തുടരണമോ എന്ന് ദാവീദ് ദൈവാലോചന ചോദിച്ച പുരോഹിതൻ (അബ്യാഥാർ, നാഥാൻ, അഹരോൻ)
4. രാജത്വം ശലോമോന്റെ കയ്യിൽ നിന്നും കീറി എടുത്ത് ദൈവം പത്ത് ഗോത്രം നിനക്ക് നൽകുമെന്ന് യൊരൊബെയാമിനോട് പ്രവചിച്ച പ്രവാചകൻ?

(നാഥാൻ, അഹിയാ, യേഹു)
5. മത്തായി തന്റെ സുവിശേഷം എഴുതുമ്പോൾ ആരെയാണ് തന്റെ വായനക്കാരായി മനസ്സിൽ കണ്ടിരുന്നത്? (യഹൂദന്മാർ, യവനന്മാർ, പരീശന്മാർ)

***II. ഒറ്റവാക്കിൽ ഉത്തരമെഴുതുക? (5x1=5)***
6. യഹോവയുടെ നിർദ്ദേശപ്രകാരം ശൗലിനെ തിരഞ്ഞെടുത്ത പ്രവാചകൻ?
7. ഗത്ത് രാജാവിൽ നിന്നും ദാവീദ് രക്ഷപ്പെട്ടു പോരുമ്പോൾ എഴുതിയ സങ്കീർത്തനം?
8. യോശിയാവിന്റെ കാലത്ത് ന്യായപ്രമാണപുസ്തകം കണ്ടെടുത്ത പുരോഹിതൻ?
9. യേശുവിനോട് നിത്യജീവന് അവകാശിയായിത്തീരുവാൻ എന്തു ചെയ്യണമെന്ന് ചോദിച്ചതാര്?
10. ശൗൽ രാജാവിന്റെ മരണശേഷം തന്റെ ആൺമക്കളിൽ എത്ര പേർ ശേഷിച്ചിരുന്നു?

***III. ശരിയോ (✓) തെറ്റോ (x) എന്ന് അടയാളപ്പെടുത്തുക (5x1=5)***
11. യിസ്രായേലിന്റെ ഒടുവിലത്തെ ന്യായാധിപനായിരുന്നു ശമുവേൽ
12. യഹൂദയിലും യിസ്രായേലിലും ആയി ദാവീദ് 33 വർഷങ്ങൾ രാജാവായിരുന്നു
13. 10 കന്യകമാർ വിളക്ക് എടുത്ത് മണവാളനെ എതിരേല്പാൻ തയ്യാറായി പുറപ്പെട്ടു
14. ധനവാന്റെ ആത്മാവ് യാതനാ സ്ഥലത്തെത്തി
15. വിത്തിനെ വചനം എന്ന് ഉപമിച്ചിരിക്കുന്നു

***IV. ചേരുംപടി ചേർക്കുക (ശരി ഉത്തരങ്ങൾ വലതു വശത്തെ നമ്പരിനു നേരെ എഴുതുക) (5x1=5)***
16. അമാലേക്യർ – ദാവീദ്
17. പ്രിയൻ – ശലോമോൻ
18. ഫെലിസ്ത്യർ – അഹീമേലെക്ക്
19. പുരോഹിതൻ – ഗോല്യാത്ത്
20. 1000 ഹോമയാഗം – ആഗാഗ്

***V. മനഃപാഠം എഴുതുക (6x2=12)***
21. സങ്കീ. 33:18 യഹോവയുടെ ദൃഷ്ടി .................. ഇരിക്കുന്നു.
22. 1 പത്രോ. 5:6 അതുകൊണ്ട് .................. താണിരിപ്പിൻ.
23. സങ്കീ. 128:1 യഹോവയെ ...................... ഭാഗ്യവാൻ.
24. എബ്രാ. 13:7 നിങ്ങളോട് ............................ അനുകരിപ്പിൻ.
25. സദൃ. 25:13 തന്റെ ലംഘനങ്ങളെ ...................... ലഭിക്കും.
26. യോഹ. 15:1 ഞാൻ സാക്ഷാൽ ............................ ആകുന്നു.

***VI. താഴെ കൊടുത്തിരിക്കുന്ന ചിത്രത്തിന് നിറം കൊടുക്കുക (1x4=4)***

***VII. താഴെ കൊടുത്തിരിക്കുന്ന പാഠങ്ങളുടെ സന്ദേശം ഉൾക്കൊള്ളുന്ന പ്രായോഗികം എഴുതുക (2x2=4)***
28. കുശവന്റെ കയ്യിലെ കളിമണ്ണ്
29. പത്ത് കന്യകമാർ

***VIII. ഒരു പേജിൽ കുറയാതെ ഉത്തരമെഴുതുക (ഉത്തരമെഴുതുന്ന ചോദ്യനമ്പർ (✓) ചെയ്യേണ്ടതാണ്) (2x5=10)***
30. ശൗൽ യിസ്രായേലിന്റെ രാജാവായി തെരഞ്ഞെടുക്കപ്പെട്ടതെങ്ങനെ? അല്ലെങ്കിൽ
31. താലന്തുകളുടെ ഉപമ?
32. ദാവീദ് ശലോമോനു കൊടുത്ത അന്തിമഉപദേശങ്ങൾ എന്തൊക്കെ? അല്ലെങ്കിൽ
33. കല്ല്യാണവിരുന്നിന്റെ ഉപമ?

## CLASS - 6

***I. ബ്രാക്കറ്റിൽ നിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. (5x1=5)***
1. യിസ്രായേലിലെ ഏഴാമത്തെ രാജാവ് (ഒമ്രി, ആഹാബ്, ഹിസ്കിയാവ്)
2. ഈന്തപ്പനകളുടെ പട്ടണം (ബെഥേൽ, യെരിഹോ, യോർദ്ദാൻ)
